15/11/21

22/11/21



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

Email: sic.ker@nic.in

**ഹർജി നമ്പർ CP.No.537(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.12739/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 15**

ശ്രീ. മുരളീധരൻ നായർ പി.എസ്.,
മുരളീസദനം,
നെടുംകുന്നം പി.ഒ.,
കോട്ടയം – 686 542. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പ്രൈമറി ഹെൽത്ത് സെന്റർ,
കോട്ടമുറി പി.ഒ., തൃക്കൊടിത്താനം,
പിൻ – 686 105. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04/08/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26/08/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 04/10/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 11/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/10/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11/11/2021 വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. മുരളീധരൻ നായർ പി.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 04.08.2021 തീയതി വിവരാവകാശ നിയമപ്രകാരം രജിസ്റ്റേർഡ് തപാലായി സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെയായിട്ടും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തൃക്കൊടിത്താനം പ്രൈമറി ഹെൽത്ത് സെന്ററിൽ 6.5.2021-ന്

കോവിഷീൽഡ് ഫസ്റ്റ് ഡോസ് വാക്സിനേഷൻ എടുത്തവരുടെ പേരും മൊബൈൽ നമ്പറും അറിയിക്കണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് 26.8.2021-ന് എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.മുരളീധരൻ നായർ പി.എസ്. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ 5.8.2021 തീയതി എതിർകക്ഷി ഓഫീസിൽ ലഭിക്കുകയും 26.8.2021-ന് ടി സ്ഥാപനത്തിൽ നിന്നും തപാലിൽ മറുപടി അയച്ചു കൊടുത്തിട്ടുള്ളതാണെന്നും അയച്ചതിന്റെ തെളിവിനായി ഡെസ്പാച്ച് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പ് മറുപടിയുടെ പകർപ്പ് എന്നിവ റിപ്പോർട്ടിനോടൊപ്പം ഹാജരാക്കുന്നുവെന്നും വിവരാവകാശ അപേക്ഷയിൽ മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യമായിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 15-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us